തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ലാർക്ക്/സബ് ഗ്രൂപ്പ് ഓഫീസർമാരുടെ നിയമനം

248 (2006) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അടച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് 2006-ൽ ക്ലാർക്ക്/സബ് ഗ്രൂപ്പ് ഓഫീസർമാരുടെ എത്ര ഒഴിവിലേക്കാണ് എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തിയത് ; നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കുമോ :

(ബി) 2-7-2006-നുശേഷം ആശ്രിത നിയമന വ്യവസ്ഥയിലോ, പ്രൊമോഷൻ വ്യവസ്ഥയിലോ, മറ്റേതെങ്കിലും തരത്തിലോ ക്ലാർക്ക്/സബ് ഗ്രൂപ്പ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ :

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ എത്ര ഗ്രൂപ്പുകളും എത്ര സബ് ഗ്രൂപ്പുകളും ഉണ്ടെന്ന് പേരു സഹിതം വെളിപ്പെടുത്തുമോ :

(ഡി) ഒരു സബ് ഗ്രൂപ്പ് ഓഫീസർ ഇപ്പോൾ എത്ര സബ് ഗ്രൂപ്പ് ഓഫീസുകളുടെ ചുമതലയാണ് നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ :

(ഇ) ക്ലാർക്ക്/സബ് ഗ്രൂപ്പ് ഓഫീസർമാരുടെ നിയമനം നടത്തുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വെളിപ്പെടുത്തുമോ ; ഉണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ മാറ്റി നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 12-5-2005-ൽ ക്ലാർക്ക് /സബ്ഗ്രൂപ്പ് ഓഫീസർ തസ്തികയിൽ 59 ഒഴിവുകളിലേക്കാണ് അപേക്ഷകൾ ക്ഷണിച്ചത്. നിലവിൽ 112 ഒഴിവുകളുണ്ട്.

(ബി) ഉണ്ട്. ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ ഉണ്ടാകുന്ന ഒഴിവിന്റെ 10%-വും പ്രൊമോഷൻ വ്യവസ്ഥപ്രകാരം ഒരു കലണ്ടർ വർഷത്തിൽ ഉണ്ടാകുന്ന ഒഴിവിന്റെ 22%-വും നിയമനം നൽകിയിട്ടുണ്ട്. പ്രൊമോഷൻ വ്യവസ്ഥ പ്രകാരം 1-4-2007-ലുള്ള സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 26 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഒരു സബ് ഗ്രൂപ്പ് ഓഫീസർക്ക് ഒഴിവുകൾ വരുന്നതനുസരിച്ച് ഒന്നിൽ കൂടുതൽ സബ്ഗ്രൂപ്പുകളുടെ അഡീഷണൽ ചാർജ് നൽകേണ്ടി വരുന്നതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഇ) ക്ലാർക്ക്/സബ് ഗ്രൂപ്പ് ഓഫീസർമാരുടെ നിയമനം പി.എസ്.സി. മുഖേന നടത്തുന്നവാൻ വേണ്ടിയുള്ള നിയമ ഭേദഗതികൾ വന്നു കഴിഞ്ഞു. റിക്രൂട്ട്മെന്റ് റൂളുകൾ തയ്യാറാക്കുന്ന മുറയ്ക്ക് നിയമനങ്ങൾ നടത്താൻ സാധിക്കുന്നതാണ്. റിക്രൂട്ട്മെന്റ് റൂളുകൾ എത്രയും വേഗം തയ്യാറാക്കി പി.എസ്.സി-ക്കു നൽകാനും ദേവസ്വം ബോർഡിനു നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly